ഉത്തരം

(എ) ഉണ്ട്.
(ബി) ഇല്ല. നിലത്തിരുത്തുന്നില്ലെന്നാണറിവു്.
(സി) വേണ്ടത്ര ഉപകരണങ്ങളം നൽകുവാൻ നടപടികളം എടുത്തു കൊണ്ടിരിക്കുന്നു.

വാർദ്ധക്യകാല പെൻഷൻ.

16. [2] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ:

(എ) വാർദ്ധക്യകാല പെൻഷൻ നടപ്പാക്കിയതിനു ശേഷം ഇതേവരെയായി എത്ര ആളുകൾക്കു ഈ ആനുകൂല്യങ്ങളം നൽകിയിട്ടുണ്ടു്;

(ബി) ഓരോ താലൂക്കിലും കൊടുത്തിട്ടുള്ളതിന്റെ കണക്കു് മേശപ്പുറത്തുവയ്ക്കുമോ;

(സി) പെൻഷൻ കിട്ടിയതിനുശേഷം മരിച്ചവരുടെ സംഖ്യ എത്രയാണു്;

(ഡി) പെൻഷൻ അനുവദിച്ചുവെങ്കിലും കിട്ടാനുള്ള കാലതാമസം മൂലം, വാങ്ങാൻ കഴിയാതെ മരിച്ചവരുടെ സംഖ്യ എത്രയാണു്?

ഉത്തരം

(എ) 13,056 പേർക്കു് ഇതേവരെ ഈ ആനുകൂല്യങ്ങളം നൽകിയിട്ടുണ്ടു്.
(ബി) വിശദവിവരങ്ങളം അടങ്ങിയലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.*
(സി) 2,204.
(ഡി) 521 പേർ.

പട്ടികജാതി—വർഗ്ഗ വിദ്യാർത്ഥികൾക്കു് കണ്ണട വാങ്ങുന്നതിനുള്ള വിഷമം.

17. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുമുള്ളകുട്ടികൾ കണ്ണട ഉപയോഗിക്കണമെന്നു് മെഡിക്കലാഫീസറുടെ ഉപദേശമുണ്ടാകുന്ന കേസ്സുകളിൽ കാശില്ലാതെ വിദ്യാർത്ഥികൾ വിഷമിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള കുട്ടികൾക്കു് കണ്ണട വാങ്ങുന്നതിനു് ഡിപ്പാർട്ടുമെൻറിൽനിന്നും സഹായധനം നല്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) 1963-64 സാമ്പത്തികവർഷത്തിൽ (1963 ഡിസംബർ 31-ാം തീയതിവരെ) ഈ ഇനത്തിൽ എത്രപേർക്കു് സഹായധനം നൽകി;

(ഡി) അങ്ങനെ സഹായധനം ലഭിച്ചവരുടെ ലിസ്റ്റു് മേശപ്പുറത്തുവയ്ക്കുവാൻ ഭയവുണ്ടാകുമോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.
(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹരിജൻ വെൽഫെയർ ഡയറക്ടർ

18. [5] ശ്രീ. പി. സി. ആദിച്ചൻ. താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

** Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇപ്പോഴത്തെ ഹരിജൻ വെൽഫെയർ ഡയറക്ടർ ചാർജ്ജെടുത്ത ശേഷം ഡിപ്പാർട്ടുമെൻറിന്റെ ഭരണയന്ത്രത്തിനു് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുമൂലം കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രമാത്രം ;

(ഡി) ഈ കാലയളവിൽ എത്ര സ്ഥലം മാറ്റിയുത്തരവുകൾ ഡയറക്ടർ പാസ്സാക്കി ;

(ഇ) അതിൽ എത്ര എണ്ണം വ്യത്യാസപ്പെടുത്തേണ്ടി വന്നു ;

(എഫ്) വ്യത്യാസപ്പെടുത്തുന്നതിൽ സ്ഥലംമാറ്റിയുത്തരവുകൾ പാസ്സാക്കാനുണ്ടായ സാഹചര്യമെന്തു് ?

ഉത്തരം.

(എ) ഇപ്പോഴത്തെ ഡയറക്ടർ ചാർജ്ജെടുത്തതിനുശേഷം ഡിപ്പാർട്ടുമെൻറിന്റെ ഭരണക്രമത്തിനു് പ്രത്യേകമായ മാറ്റം വരുത്തിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 255.

(ഇ) ആറു്.

(എഫ്) ഭരണപരമായ സൌകര്യങ്ങൾക്കുവേണ്ടി.

ഹരിജൻ വെൽഫെയർ ഡയറക്ടർ വാങ്ങിയ ടി. എ.

19. [6] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. സി കെ. കൊച്ചുകോശി, വി. രാമചന്ദ്രൻ എന്നിവർ ഹരിജൻ വെൽഫെയർ ഡയറക്ടറായിരുന്ന കാലത്തു് അവർ ഓരോ മാസത്തിലും വാങ്ങിയ ടി. എ. എന്തായിരുന്നു എന്നു പറയാമോ ;

(ബി) ശ്രീ. അച്യുതൻ നായർ ഡയറക്ടറായി ചാർജ്ജെടുത്ത ശേഷം 1963 ഡിസംബർ 31-ാം തീയതിവരെ ഓരോ മാസത്തിലും വാങ്ങിയ ടി. എ. തുകയെന്താണു് ?

ഉത്തരം.

(എ, ബി) ഈ വിവരങ്ങളടങ്ങിയ † ലിസ്റ്റു് മേശപ്പുറത്തു് വെച്ചിട്ടുണ്ടു്.

Fee Concessions

20. [7] **Shri C. F. Pereira** : Will the Minister for Harijan Welfare be pleased to state :

(a) whether converts from Mukkuvar (Fisher Folk Malabar) are eligible for fee concessions in Government Schools and Technical Institutions in Malabar ;

(b) if the answer is in the affirmative will the Government please see that instructions are issued to the Education Department for the early implementation of these concessions ; and

(c) are the Government aware that at present Government Schools and Technical Institutions are refusing to grant educational concessions to christian converts from Mukkuvar Community, because it is not included in the Backward Class list of the Harijan Welfare Department ?

† Appendix IX.

LIBRARY ARCHIVES Kerala Legislative Assembly